**മധുരമായ കുട്ടികളെ- ഈ ദാദ അത്ഭുതകരമായ പോസ്റ്റോഫീസ് ആണ്, ഇദ്ദേഹത്തിലൂടെ തന്നെയാണ് നിങ്ങൾക്ക് ശിവബാബയുടെ നിർദ്ദേശങ്ങൾ ലഭിക്കുന്നത്.**

**ചോദ്യം :-** ബാബ കുട്ടികളെ ഏത് കാര്യത്തിൽ ശ്രദ്ധാലുക്കളാക്കുന്നു? എന്തുകൊണ്ട്?
**ഉത്തരം :-** ബാബ പറയുന്നു, കുട്ടികളേ ശ്രദ്ധയോടെയിരിയ്ക്കൂ, മായയുടെ മുറിവുകൾ കൂടുതൽ ഏൽക്കരുത്. മായയുടെ അടി ഏറ്റുകൊണ്ടിരുന്നാൽ പ്രാണൻ വിട്ടുപോകും, പദവി ലഭിക്കില്ല. ഈശ്വരന്റെയടുത്ത് ജന്മമെടുത്തിട്ട് ആരെങ്കിലും മായയുടെ മുറിവേറ്റ് മരിച്ചുപോയാൽ ആ മരണം വളരെ മോശമാണ്. കുട്ടികളെ കൊണ്ട് മായ തലതിരിഞ്ഞ കാര്യങ്ങൾ ചെയ്യിപ്പിക്കുമ്പോൾ ബാബയ്ക്ക് വളരെ ദയ തോന്നുന്നു അതുകൊണ്ടാണ് ശ്രദ്ധയുണർത്തുന്നത്.

**ഗീതം :-** നിന്റെ വിളിക്ക് എൻ മനം കൊതിക്കുന്നു..........

ഓം ശാന്തി. എപ്പോഴാണോ മനുഷ്യരെല്ലാം ദുഃഖിതരാകുന്നത് എന്തെന്നാൽ വികാരിയായിത്തീരുന്നു, അപ്പോഴാണ് ബാബയെ വിളിക്കുന്ന സമയം. എന്തിലൂടെയാണ് ദുഃഖിതരാകുന്നത്? ഇത് തമോപ്രധാനമായ മനുഷ്യർക്കറിയില്ല. 5 വികാരങ്ങളാകുന്ന രാവണനാണ് ദുഃഖിപ്പിക്കുന്നത്. ഈ രാവണന്റെ രാജ്യം എത്രകാലം നിലനിൽക്കുന്നു? ലോകത്തിന്റെ അന്ത്യം വരെ രാജ്യം തീർച്ചയായും ഉണ്ടാകും. രാവണ രാജ്യമാണിപ്പോളെന്ന് പറയാം. രാമ രാജ്യം, രാവണ രാജ്യം എന്ന പേരുകൾ പ്രശസ്തമാണ്. ഭാരതത്തിലുള്ളവർക്കാണ് രാവണരാജ്യത്തെക്കുറിച്ച് അറിയാവുന്നത്. കണ്ടാലറിയാം ശത്രുവും ഭാരതത്തിന്റെയാണ്. രാവണൻ ആണ് ഭാരതത്തെ വീഴ്ത്തിയത്, ദേവതകൾ വാമമാർഗ്ഗത്തിലേക്ക് പോയതുമുതൽ അതായത് വികാരികളായപ്പോൾ. നിർവ്വികാരിയായിരുന്ന ഭാരതം എങ്ങനെയാണ് വികാരിയായതെന്ന് ലോകത്തിലുള്ളവർക്കറിയില്ല. ഭാരതത്തിനാണ് മഹിമയുള്ളത്. ഭാരതം ശ്രേഷ്ഠാചാരിയായിരുന്നു, ഇപ്പോൾ പതീതമാണ്. പതീതമാകാൻ തുടങ്ങിയപ്പോൾ മുതലാണ് പൂജാരികളായ ഭക്തന്മാരായത്. അപ്പോൾ മുതലേ ഭഗവാനെ ഓർമ്മിച്ചുവരുന്നു. കല്പത്തിന്റെ സംഗമ യുഗേ യുഗേയാണ് ബാബ വരുന്നതെന്ന് കുട്ടികൾക്ക് മനസിലാക്കി തന്നു. കല്പത്തിൽ 4 യുഗങ്ങളുണ്ട്. എന്നാൽ അഞ്ചാമത്തേതായ സംഗമയുഗത്തെ ആർക്കുമറിയില്ല. അവർ സംഗമയുഗത്തെ ഒരുപാടുള്ളതായി പറയുന്നു. യുഗേ യുഗേ ആകുമ്പോൾ എത്ര സംഗമങ്ങളായി. സത്യയുഗത്തിൽ നിന്ന് ത്രേത, ത്രേതയിൽ നിന്ന് ദ്വാപരം, ദ്വാപരത്തിൽ നിന്ന് കലിയുഗം. എന്നാൽ ബാബ പറയുന്നു-കല്പത്തിലെ സംഗമയുഗേ ബാബയ്ക്ക് വരിക തന്നെ വേണം. സംഗമയുഗത്തിനെ മംഗളകാരി പുരുഷോത്തമ യുഗമെന്ന് പറയുന്നു അപ്പോഴാണ് മനുഷ്യർ പതീതത്തിൽ നിന്ന് പാവനമാകുന്നത്. കലിയുഗത്തിന് ശേഷം പിന്നീട് സത്യയുഗം വരുന്നു. സത്യയുഗത്തിന് ശേഷം പിന്നെ എന്ത് വരുന്നു? ത്രേതായുഗം വരുന്നു. സൂര്യവംശി ലക്ഷ്മീ നാരായണന്റെ രാജ്യം പിന്നീട് ചന്ദ്രവംശിയാകുന്നു. ത്രേതായിൽ രാമരാജ്യം, സത്യയുഗത്തിൽ ലക്ഷ്മീ -നാരായണന്റെ രാജ്യം. ലക്ഷ്മീ നാരായണന് ശേഷം രാമ-സീതയുടെ രാജ്യം വരുന്നു. സത്യയുഗത്തിന്റെയും ത്രേതായുടെയും ഇടയിൽ തീർച്ചയായും സംഗമമുണ്ടാകുന്നു. അതിന് ശേഷം ദ്വാപരയുഗത്തിൽ ഇബ്രാഹിം വരുന്നു, അദ്ദേഹം ആ ഭാഗത്താണ്, ഇവിടെ അദ്ദേഹവുമായി ബന്ധമില്ല. ദ്വാപരത്തിൽ പിന്നീട് വളരെയധികം പേർ വരുന്നു. ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യൻ.... ക്രിസ്ത്യൻ ധർമ്മം സ്ഥാപിക്കപ്പെട്ടിട്ട് രണ്ടായിരം വർഷമായി. ചിലർ കുറച്ചു കൂടുതലായി കണക്കു കാണിക്കുന്നു. ഇപ്പോൾ സംഗമത്തിനു ശേഷം സത്യയുഗത്തിലേക്ക് പോകണം. ഈ ചരിത്രവും ഭൂമിശാസ്ത്രവും ബുദ്ധിയിൽ ഉണ്ടായിരിക്കണം. ഉയർന്നതിലും ഉയർന്ന ഭഗവാൻ എന്ന് മഹിമ പാടാറുമുണ്ട്. ആ ഭഗവാനെ തന്നെയാണ് ത്വമേവ മാതാശ്ച പിതാ..(നീ തന്നെയാണ് മാതാവും പിതാവും..) എന്ന് പറയുന്നത്. ഇതാണ് ഉയർന്നതിലും ഉയർന്ന ഭഗവാന്റെ മഹിമ. നിങ്ങൾ മാതാവും പിതാവുമെന്ന് ആരെയാണ് വിളിക്കുന്നത്? ഇത് ആർക്കുമറിയില്ല. ഇന്നത്തെ കാലത്ത് ഏത് മൂർത്തിയുടെയും മുന്നിൽ പോയാൽ പാടുന്നു- നീ മാതാവും പിതാവും.. ആരെയാണ് മാതാപിതാ എന്ന് വിളിക്കാൻ സാധിക്കുക? എന്താ ലക്ഷ്മീ - നാരായണനെയാണോ? ബ്രഹ്മാ സരസ്വതിയെ ആണോ? ശങ്കരൻ പാർവ്വതിയെ ആണോ? ഇവരെയും ജോടിയായി ആണ് കാണിച്ചിരിക്കുന്നത്. അപ്പോൾ ആരെ മാതാ-പിതാ എന്ന് വിളിക്കണം? പരമാത്മാവ് അച്ഛനാണെങ്കിൽ തീർച്ചയായും അമ്മയും വേണം. ആരെയാണ് അമ്മ എന്ന് വിളിക്കേണ്ടതെന്ന് അറിയില്ല. ഇതിനെ ഗഹന കാര്യങ്ങൾ എന്ന് പറയുന്നു. സൃഷ്ടാവുണ്ടെങ്കിൽ സ്ത്രീയും കാണും. മഹിമ പാടുക ഒന്നിന്റെ തന്നെയല്ലേ. ഇടയ്ക്ക് ബ്രഹ്മാവിന്റെ മഹിമ പാടും, ഇടയ്ക്ക് വിഷ്ണുവിന്റെ മഹിമ പാടും, ഇടയ്ക്ക് ശങ്കരന്റെ മഹിമ പാടും ഇങ്ങനെയല്ല. മഹിമ ഒന്നിന്റെ മാത്രമാണ് ചെയ്യുക. പതീതപാവനാ വരൂ എന്ന് പാടുന്നുമുണ്ട്, തീർച്ചയായും ഒടുക്കം വരും. യുഗേ യുഗേ വരുന്നതെന്തിനാണ്? പതീതമാകു

ന്നത് അവസാനമാണ്. പതീതരെ പാവനമാക്കുന്ന ബാബയ്ക്ക് തീർച്ചയായും പതീത ലോകത്തിൽ വന്നിട്ടാണ് പാവനമാക്കേണ്ടത്. അവിടെയിരുന്ന് പാവനമാക്കാൻ സാധിക്കില്ല. സത്യയുഗം പാവനലോകമാണ്, കലിയുഗം പതീത ലോകമാണ്. പഴയ ലോകത്തെ പുതിയതാക്കുകയെന്നത് ബാബയുടെ ജോലിയാണ്. പുതിയ ലോകത്തിന്റെ സ്ഥാപന കൂടാതെ പഴയലോകത്തിന്റെ വിനാശം. ബ്രഹ്മാവിലൂടെ എന്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്? വിഷ്ണു പുരിയുടെ. ബ്രഹ്മാവിലൂടെയും ബ്രാഹ്മണരിലൂടെയും സ്ഥാപന ചെയ്യുന്നു. ബ്രാഹ്മണരിലൂടെയാണ് യജ്ഞം രചിക്കുന്നതെങ്കിൽ തീർച്ചയായും ബ്രാഹ്മണരെയായിരിക്കും പഠിപ്പിക്കുന്നത്. ബാബ ബ്രഹ്മാവിനെയും ബ്രഹ്മാമുഖ വംശാവലി ബ്രാഹ്മണരെയും രാജയോഗത്തിന്റെ പഠിപ്പ് പഠിപ്പിക്കുന്നു എന്ന് നിങ്ങൾ എഴുതുന്നു. ഇതിൽ സരസ്വതിയും ഉൾപ്പെടുന്നു. ഈ ബ്രാഹ്മണരുടെ കുലം അതിശയകരമാണ്. സഹോദരനും സഹോദരിക്കും ഒരിക്കലും വിവാഹം ചെയ്യാൻ സാധിക്കില്ല. ആരെങ്കിലും വരുമ്പോൾ നാം അവർക്ക് പരിചയം നൽകുന്നു– പരമപിതാ പരമാത്മാവിനോട് നിങ്ങൾക്ക് എന്താണ് ബന്ധം? പിതാവെന്ന് തന്നെ വിളിക്കുന്നു. അപ്പോൾ അച്ഛനായി, ആ ബ്രഹ്മാവ് ജ്യേഷ്ഠനാകുന്നു, ആസ്തി ലഭിക്കുന്നത് ജ്ഞാന സാഗരനായ പരിധിയില്ലാത്ത അച്ഛനിൽ നിന്നാണ്. നല്കുന്നത് ബ്രഹ്മാവിലൂടെയാണ്. ഇത് ഈശ്വരീയമടിത്തട്ടാണ്. പിന്നീട് ദൈവീക മടിത്തട്ട് ലഭിക്കുന്നു. ഇത് മനസിലാക്കിക്കൊടുക്കാൻ എളുപ്പമാണ്. നാല് യുഗങ്ങളുടെയും കണക്ക് തുല്യമാണ്. പാവനത്തിൽ നിന്ന് പതീതവുമാകണം. 16 കലയിൽ നിന്ന് 14 കല പിന്നെ 12 കലയിലേക്ക് വരണം. നിങ്ങൾ ഏറ്റവും ആദ്യം സർവ്വർക്കും ബാബയുടെ പരിചയം നൽകണം. ബാബയെ പുതിയ ആരെങ്കിലും കാണാൻ വന്നാൽ ഒന്നും മനസിലാകില്ല. കാരണം ഇത് അത്ഭുതമാണ്, അച്ഛൻ, ജ്യേഷ്ഠൻ രണ്ടു പേരും ഒന്നിച്ചാണിരിക്കുന്നത്. കുട്ടികളും ഇടയ്ക്കിടയ്ക്ക് മറന്നുപോകുന്നു നാം ആരോടാണ് സംസാരിക്കുന്നതെന്ന് ! ബുദ്ധിയിൽ ശിവബാബ തന്നെ ഓർമ്മയുണ്ടാകണം. നാം ശിവബാബയുടെ അടുത്തേയ്ക്കാണ് പോകുന്നത്. നിങ്ങൾ ഈ ബാബയെ എന്തുകൊണ്ടാണ് ഓർമ്മിക്കുന്നത്? ശിവബാബയെ ഓർമ്മിച്ചാലേ നിങ്ങളുടെ വികർമ്മം വിനാശമാവുകയുള്ളു. ഫോട്ടോ എടുത്താലും ബുദ്ധി ശിവബാബയിലേക്ക് പോകണം കാരണം ബാപ് ദാദ രണ്ടുപേരും ഒരുമിച്ചുണ്ട്. ശിവബാബയുള്ളതുകൊണ്ടാണ് ഈ ദാദയും ഉള്ളത്. ബാപ്ദാദയോടൊപ്പം ഫോട്ടോ എടുക്കുന്നു. ശിവബാബയുടെ അടുത്ത്, ഈ ദാദയിലൂടെ കൂടിക്കാഴ്ചയ്ക്ക് വന്നിരിക്കുന്നു. ഈ ബ്രഹ്മാവ് പോസ്റ്റോഫീസ് ആയി. ഈ ബ്രഹ്മാവിലൂടെ ശിവബാബയുടെ നിർദ്ദേശം എടുക്കണം. ഇത് വളരെ അതിശയകരമായ കാര്യമാണ്. ലോകം പഴയതാകുമ്പോഴാണ് ഭഗവാന് വരേണ്ടത്. ദ്വാപരയുഗം മുതലാണ് ലോകം പതീതമാകാൻ തുടങ്ങിയത്. അന്ത്യത്തിൽ മുഴുവൻ ലോകവും പതീതമാകുന്നു. ചിത്രങ്ങൾ കാട്ടി മനസിലാക്കി കൊടുക്കണം. സത്യ–ത്രേതായുഗത്തെ സ്വർഗ്ഗം, പാരഡൈസ് എന്നു പറയുന്നു. സദാ പുതിയതായി ലോകം നിലനിൽക്കില്ല. ലോകം പകുതി പൂർത്തീകരിക്കുമ്പോൾ അതിനെ പഴയതെന്ന് പറയുന്നു. ഓരോ വസ്തുവിന്റെയും ആയുസിൽ പകുതി പുതിയതും പകുതി പഴയതും ആയിരിക്കും. എന്നാൽ ഈ സമയം ശരീരത്തിനെ വിശ്വസിക്കാൻ സാധിക്കില്ല. ഇത് പകുതി കല്പത്തിന്റെ പൂർണ്ണമായ കണക്കാണ്, ഇതിൽ മാറ്റം കൊണ്ടുവരുവാൻ സാധിക്കില്ല. സമയത്തിനു മുൻപായി ഒന്നും തന്നെ മാറ്റാൻ സാധിക്കില്ല. വസ്തുക്കളാണെങ്കിൽ ഇടയ്ക്ക് നശിച്ചുപോകാം. എന്നാൽ പഴയ ലോകത്തിന്റെ വിനാശവും പുതിയ ലോകത്തിന്റെ സ്ഥാപനയും മുൻപോട്ടോ പുറകോട്ടോ ആകില്ല. കെട്ടിടങ്ങൾ ഏത് സമയത്തും തകരാം, അഭയം ഇല്ലാതാകാം. ഈ ചക്രം അനാദിയും അവിനാശിയുമാണ്. തന്റേതായ സമയമനുസരിച്ച് നടക്കുന്നു. പഴയ ലോകത്തിന് പൂർണ്ണമായും കൃത്യമായ കാലപരിധിയുണ്ട്. പകുതി കല്പം രാമരാജ്യം, പകുതി കല്പം രാവണരാജ്യം ആയിരിക്കും, കൂടുതലാവുകയില്ല. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഇപ്പോൾ മുഴുവൻ ത്രിലോകങ്ങളും വന്നു. നിങ്ങൾ ത്രിലോകത്തിന്റെ അധികാരിയായ ബാബയിലൂടെ ജ്ഞാനം നേടുന്നു. നിങ്ങളുടെ പദവി ഇപ്പോൾ വളരെ ഉയർന്നതാണ്. ഇപ്പോൾ നിങ്ങൾ ത്രിലോകീ നാഥനാണ് കാരണം നിങ്ങൾക്ക് മൂന്നു ലോകങ്ങളുടെയും ജ്ഞാനമറിയാം. മൂലവതനം, സൂക്ഷ്മവതനം, സ്ഥൂലവതനത്തിന്റെ സാക്ഷാത്കാരം ചെയ്യുന്നു, കുട്ടികളുടെ ബുദ്ധിയിൽ പൂർണ്ണമായ അറിവുണ്ട്. ബാബ ത്രിലോകനാഥനാണ്, മൂന്ന് ലോകങ്ങളെയും അറിയുന്നവനാണ്. നിങ്ങൾക്ക് ജ്ഞാനം നൽകുന്നു. നിങ്ങളും മാസ്റ്റർ ത്രിലോകനാഥനാകുന്നു. ബാബയിലുള്ള ജ്ഞാനം ഇപ്പോൾ നിങ്ങളിലുമുണ്ട്, സംഖ്യാക്രമമായ പുരുഷാർത്ഥമനുസരിച്ച്. പിന്നീട് സത്യയുഗത്തിൽ നിങ്ങൾ വിശ്വത്തിന്റെ അധികാരിയാകും. അവിടെ നിങ്ങളെ ത്രിലോകനാഥൻ എന്ന് പറയില്ല. ലക്ഷ്മീ നാരായണന് ത്രിലോകങ്ങളുടെ ജ്ഞാനമില്ല. സൃഷ്ടി ചക്രത്തിന്റെ ജ്ഞാനമില്ല. നിങ്ങൾ പൂർണ്ണജ്ഞനായ ദൈവത്തിന്റെ കുട്ടികളാണ്. ബാബ പഠിപ്പിച്ച് നിങ്ങളെ തനിക്കു സമാനമാക്കുന്നു. നമ്മൾ വീണ്ടും വിഷ്ണു പുരിയുടെ അധികാരികളാകുമെന്ന് നിങ്ങൾക്കറിയാം. ഇപ്പോൾ വരെ എന്തൊക്കെയാണോ കഴിഞ്ഞു പോയത് ആ ജ്ഞാനവും നിങ്ങളുടെയടുത്തുണ്ട്. മനുഷ്യർക്ക് പരിധിയുള്ള ചരിത്രവും ഭൂമിശാസ്ത്രവും അറിയാം. നിങ്ങളുടെ ബുദ്ധിയിൽ പരിധിയില്ലാത്ത ചരിത്രവും ഭൂമിശാസ്ത്രവുമുണ്ട്. അവർക്ക് ബാഹുബലത്തിന്റെ യുദ്ധത്തെക്കുറിച്ചറിയാം. യോഗബലത്തിന്റെ യുദ്ധത്തെക്കുറിച്ചാർക്കും അറിയില്ല. നിങ്ങൾക്കറിയാം യോഗബലത്തിലൂടെ നാം വിശ്വത്തിന്റെ അധികാരികളാകുന്നു.

പഠിപ്പിക്കുന്ന അച്ഛൻ ത്രിലോകങ്ങളുടെയും നാഥനാണ്. ഇപ്പോൾ നിങ്ങളുടെ പദവി വളരെ ഉയർന്നതാണ്. പൂർണ്ണജ്ഞനായ ബാബയുടെ കുട്ടികളായ നിങ്ങളും മാസ്റ്റർ പൂർണ്ണജ്ഞരാണ്. ആ ജ്ഞാന സാഗരൻ, ആനന്ദത്തിന്റെ സാഗരൻ ഏത് പ്രകാരത്തിലാണെന്നതും നിങ്ങൾക്കറിയാം. ബാബയെ പറയുന്നു സത്-ചിത്-ആനന്ദസ്വരൂപം. ഇപ്പോൾ നിങ്ങൾ ആനന്ദത്തെ അനുഭവം ചെയ്യുന്നു എന്തെന്നാൽ നിങ്ങൾ വളരെ ദുഃഖികളായിരുന്നു. സുഖവും ദുഃഖത്തെയും നിങ്ങൾക്ക് താരതമ്യം ചെയ്യാൻ സാധിക്കും. ആ ലക്ഷ്മി നാരായണന് ഇക്കാര്യങ്ങളെ കുറിച്ചറിയില്ല. അവർ ചക്രവർത്തിഭരണം മാത്രം ചെയ്യുന്നു. അതാണ് അവരുടെ പ്രാപ്തി. നിങ്ങളും സ്വർഗ്ഗത്തിൽ പോയി രാജ്യം ഭരിക്കും. അവിടെ വളരെ നല്ല കൊട്ടാരങ്ങൾ പണിയും. അവിടെ ആകുലതയുടെ കാര്യങ്ങളൊന്നുമില്ല. ഇത് ബുദ്ധിയിൽ സ്ഥായിയായി ഉണ്ടായിരിക്കണം. എങ്കിൽ സന്തോഷത്തിന്റെ അളവ് കയറിക്കൊണ്ടിരിക്കും. കൊടുങ്കാറ്റുകൾ അനേകപ്രകാരത്തിൽ വരും, ആരും സമ്പൂർണ്ണരായിട്ടില്ല. ബാബ മനസിലാക്കി തരുന്നു നിങ്ങൾക്ക് വളരെ ധൈര്യം ഉണ്ടാക്കണം. ആൾക്കാർ അമർനാഥിൽ പോകുന്നു എന്നിരുന്നാലും അവർക്ക് താഴേക്ക് തീർച്ചയായും ഇറങ്ങണം. നിങ്ങൾ ബാബയുടെ അടുത്തേക്ക് പോകും പിന്നെ പുതിയ ലോകമായ സത്യയുഗത്തിൽ വരും. അപ്പോൾ മുതൽ ഇറങ്ങാൻ തുടങ്ങുന്നു. ഇത് നമ്മളുടെ പരിധിയില്ലാത്ത യാത്രയാണ്. ആദ്യം ബാബയുടെ അടുത്ത് വിശ്രമത്തോടെ ഇരിക്കും പിന്നെ രാജധാനിയിൽ രാജ്യം ഭരിക്കും. അതിനുശേഷം ജന്മങ്ങൾ കഴിയുന്തോറും താഴോട്ടിറങ്ങുന്നു. ഇതിനെ ചക്രമെന്ന് പറയാം അല്ലെങ്കിൽ കയറ്റിറക്കമെന്ന് പറയാം, കാര്യമൊന്നാണ്. താഴെനിന്നും മുകളിലേക്ക് പോകും പിന്നെ താഴേക്കിറങ്ങാൻ തുടങ്ങും. ഈ കാര്യങ്ങളെല്ലാം കൂർമ്മ ബുദ്ധിയുള്ള കുട്ടികൾ നല്ല രീതിയിൽ മനസിലാക്കും കൂടാതെ മനസിലാക്കി കൊടുക്കാനും സാധിക്കും. ഈ ബാബയ്ക്കും അറിയാൻ പാടില്ലായിരുന്നു. ബ്രഹ്മാവിന് ഈ അറിവ് ഏതെങ്കിലും ഗുരുവിൽ നിന്നാണ് ലഭിച്ചിരുന്നതെങ്കിൽ ആ ഗുരുവിന്റെ മറ്റ് ശിഷ്യന്മാർക്കും ഈ അറിവ് ഉണ്ടായിരുന്നേനെ. ഒരിക്കലും ഒരു ശിഷ്യൻ മാത്രമായിരിക്കില്ല ഉണ്ടാവുക. ശാസ്ത്രങ്ങളിൽ ഉള്ളത് - ഭഗവാന്റെ വാക്കുകൾ, ഹേ അർജ്ജുന', ഇങ്ങനെ ഒരാളുടെ പേര് മാത്രം എഴുതിയിരിക്കുകയാണ്. അർജ്ജുനന്റെ രഥത്തിലിരിക്കുന്നുവെങ്കിൽ അർജ്ജുനൻ മാത്രമായിരിക്കുമോ കേട്ടത്, മറ്റുള്ളവരും ഉണ്ടാകില്ലേ. സഞ്ജയനും ഉണ്ടാകും. ഈ പരിധിയില്ലാത്ത സ്കൂൾ ഒരേ ഒരു പ്രാവശ്യമാണ് തുറക്കുന്നത്. ആ സ്കൂളുകൾ നടന്നുകൊണ്ടിരിക്കുന്നു. രാജാവാരാണോ അതനുസരിച്ചായിരിക്കും ഭാഷ. അവിടെ സത്യയുഗത്തിലും സ്കൂളിൽ പോകുന്നു. ഭാഷ, ജോലി, കലകളൊക്കെ പഠിക്കും. അവിടെയും സർവ്വതുമുണ്ടാക്കും. ഏറ്റവും നല്ല വസ്തുക്കളെല്ലാം സ്വർഗ്ഗത്തിലാണുണ്ടാവുക. പിന്നീട് അവയെല്ലാം പഴയതാകുന്നു. ഏറ്റവും നല്ല വസ്തുക്കൾ ദേവതകൾക്കാണ് ലഭിക്കുക. ഇവിടെ എന്ത് ലഭിക്കാനാണ്? പുതിയ ലോകത്തിൽ സർവ്വതും പുതിയത് ലഭിക്കുമെന്ന് അനുഭവം ചെയ്യുന്നു. ഇക്കാര്യങ്ങളൊക്കെ മനസിലാക്കിയിട്ട് പിന്നെ മനുഷ്യർക്ക് മനസിലാക്കി കൊടുക്കണം. ഇപ്പോൾ നാം സംഗമത്തിലാണ്, നമുക്കുവേണ്ടി ഇപ്പോൾ ലോകം മാറിക്കൊണ്ടിരിക്കുകയാണ്. ഡ്രാമയനുസരിച്ച് ഞാൻ വീണ്ടും വന്നിരിക്കുന്നു നിങ്ങളെ പതീതത്തിൽനിന്ന് പാവന ദേവിദേവതകളാക്കാനായി. ഈ ചക്രം കറങ്ങുന്നു. പ്രജാപിതാ ബ്രഹ്മാവിലൂടെ തീർച്ചയായും ബ്രാഹ്മണരായിരിക്കും രചിക്കപ്പെട്ടത്. ബ്രാഹ്മണരിലൂടെയാണ് യജ്ഞം രചിച്ചിരിക്കുന്നത്. ബ്രാഹ്മണർ തന്നെ ദേവതയാകും. അതുകൊണ്ട് വിരാടരൂപത്തിന്റെ ചിത്രവും അനിവാര്യമാണ്, ഇതിലൂടെയാണ് തെളിയിക്കപ്പെടുന്നത് ബ്രഹ്മാമുഖ വംശാവലി ബ്രാഹ്മണർ തന്നെ വീണ്ടും ദേവതയാകുമെന്ന്. വൃദ്ധിയുണ്ടായികൊണ്ടിരിക്കും. ദേവതയിൽനിന്ന് ക്ഷത്രിയർ, വൈശ്യർ, ശൂദ്രനാകും. ഈ സംഗമയുഗം പ്രശസ്തമാണ്. ആത്മ പരമാത്മ വളരെക്കാലം പിരിഞ്ഞിരുന്നു.... കയറുന്ന കല ഇറങ്ങുന്ന കല.... ഇതും മനസിലാക്കി കൊടുക്കണം. ആദ്യം ഈശ്വരീയ വംശജർ പിന്നെ ദേവതാവംശജർ പിന്നെ അല്പാല്പമായി കുറഞ്ഞുപോകുന്നു. ദുഃഖ ഹർത്താ സുഖകർത്താവെന്ന് ആരെയാണ് പറയുന്നതെന്ന് നിങ്ങൾക്ക് ചോദിക്കാൻ സാധിക്കും. തീർച്ചയായും പരമപിതാ പരമാത്മാവിനെയാണ് പറയുന്നത്. ലോകത്തിലെ ദുഃഖം ഇല്ലാതാകുമ്പോൾ വിഷ്ണുപുരിയായി തീരും. ബ്രാഹ്മണരുടെ ദുഃഖം ഇല്ലാതാകുന്നു, സുഖം ലഭിക്കുന്നു. ഇത് സെക്കന്റിന്റെ കാര്യമാണ്. ലൗകീക അച്ഛന്റെ മടിയിൽ നിന്നിറങ്ങി പാരലൗകീക അച്ഛന്റെ മടിത്തട്ടിൽ വന്നിരിക്കുന്നു. ഇത് സന്തോഷിക്കേണ്ട കാര്യമാണ്.

ഇത് ഏറ്റവും വലിയ പരീക്ഷയാണ്. രാജാക്കന്മാരുടെ രാജാവാകുന്നു. രാജയോഗം പരമപിതാ പരമാത്മാവിനല്ലാതെ മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഈ ചിത്രം വളരെ നല്ലതാണ്. എനിക്ക് പരമപിതാ പരമാത്മാവുമായി ഒരു ബന്ധവുമില്ലെന്ന് ആർക്ക് പറയാൻ സാധിക്കും. ഇങ്ങനെയുള്ള നാസ്തികരോട് സംസാരിക്കേണ്ടതില്ല. മുന്നോട്ട് പോയിക്കൊണ്ടിരിക്കുമ്പോൾ മായ കുട്ടികളെക്കൊണ്ടും ഇടയ്ക്ക് ഇടയ്ക്ക് തല തിരിഞ്ഞ കാര്യങ്ങൾ ചെയ്യിപ്പിക്കുന്നു. ബാബയ്ക്ക് ദയ തോന്നുന്നു. ബാബ പിന്നെ മനസിലാക്കി തരുന്നു - ശ്രദ്ധയോടിരിക്കൂ. കൂടുതൽ മുറിവേൽക്കാതിരിക്കു അല്ലെങ്കിൽ പദവി ലഭിക്കില്ല. മായ വളരെ ശക്തമായി അടിക്കുന്നു. പ്രാണൻ പോലും പോകുന്നു. മരിച്ചുവെങ്കിൽ ജന്മദിനം ആഘോഷിക്കാൻ സാധിക്കി

ല്ല. പറയും കുട്ടി മരിച്ചുപോയി. ഈശ്വരന്റെയടുത്ത് ജന്മമെടുത്തിട്ട് മരിച്ചാൽ ഇത്തരം മരണം ഏറ്റവും മോശമായതാണ്. എന്തെങ്കിലും കാര്യം ശരിയായി തോന്നുന്നില്ലായെങ്കിൽ വിട്ടോളൂ, സംശയമുണ്ടാകുന്നുവെങ്കിൽ നോക്കാതിരിക്കൂ. ബാബ പറയുന്നു. മൻമനാഭവ, എന്നെ ഓർമ്മിക്കൂ, കൂടാതെ സ്വദർശന ചക്രം കറക്കൂ. ശരി.

മധുര മധുരമായ നഷ്ടപ്പെട്ടു തിരികെക്കിട്ടിയ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ബാബയ്ക്ക് സമാനം മാസ്റ്റർ നോളജ്ഫുള്ളാകണം. ജ്ഞാനം സ്മരിച്ച് അപാര സന്തോഷത്തിലിരിക്കണം. ആനന്ദത്തിന്റെ അനുഭവം ചെയ്യണം.

2) അനേക പ്രകാരത്തിലെ കൊടുങ്കാറ്റുകളിൽ കഴിയുമ്പോഴും സ്വയം സ്ഥൈര്യം ഉണ്ടാക്കണം. മായയുടെ മുറിവുകളിൽ നിന്ന് രക്ഷപ്പെടുന്നതിനായി വളരെ വളരെ ശ്രദ്ധയോടിരിക്കണം.

## വരദാനം:- ദിവ്യഗുണങ്ങളാകുന്ന പ്രഭുപ്രസാദം കഴിക്കുകയും കഴിപ്പിക്കുകയും ചെയ്യുന്ന സംഗമയുഗീ മാലാഖയിൽ നിന്നും ദേവതയായി ഭവിക്കട്ടെ

ദിവ്യഗുണങ്ങൾ ഏറ്റവും ശ്രേഷ്ഠമായ പ്രഭുപ്രസാദമാണ്. ഈ പ്രസാദത്തെ ധാരാളം വിതരണം ചെയ്യൂ, പരസ്പരം സ്നേഹത്തിന്റെ അടയാളമായി ടോളി കഴിപ്പിക്കുന്നതുപോലെ ഈ ഗുണങ്ങളുടെ ടോളി കഴിപ്പിക്കൂ. ഏത് ആത്മാവിന് ഏത് ശക്തിയുടെ ആവശ്യകതയുണ്ടോ അവർക്ക് തന്റെ മനസാ അതായത് ശുദ്ധമനോവൃത്തിയിലൂടെയും വൈബ്രേഷനിലൂടെയും ശക്തികളുടെ ദാനം നൽകൂ, കർമത്തിലൂടെ ഗുണമൂർത്തിയായി ഗുണങ്ങളെ ധാരണ ചെയ്യാൻ സഹയോഗം നൽകൂ. അപ്പോൾ ഇതേ വിധിയിലൂടെ എന്താണോ സംഗമയുഗത്തിന്റെ ലക്ഷ്യം “മാലാഖയിൽ നിന്നു ദേവത” ഇത് സഹജമായും സർവരിലും പ്രത്യക്ഷത്തിൽ കാണപ്പെടും.

## സ്ലോഗൻ:- സദാ ഉണർവുത്സാഹത്തിൽ കഴിയുക- ഇതാണ് ബ്രാഹ്മണജീവിതത്തിന്റെ ശ്വാസം.

**ലൗലീനസ്ഥിതിയുടെ അനുഭവം ചെയ്യൂ :** പരമാത്മാസ്നേഹത്തിന്റെ അനുഭവത്തിൽ സഹജയോഗിയായി പറന്നുകൊണ്ടിരിക്കൂ. പരമാത്മാസ്നേഹം പറക്കുന്നതിന്റെ സാധനമാണ്. പറക്കുന്നവർ ഒരിക്കലും ഭൂമിയുടെ ആകർഷണത്തിൽ വരികയില്ല. മായയുടേത് എത്ര ആകർഷകരൂപമാകട്ടെ എന്നാൽ ആ ആകർഷണത്തിന് പറക്കുന്ന കലയുള്ളവർക്കടുത്ത് എത്തിച്ചേരാൻ സാധിക്കില്ല.